ഉദയംപേരൂർ പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഹെൽത്ത് സെന്റർ

90 (1192) ശ്രീ. കെ. ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദയംപേരൂർ പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഒരു ഹെൽത്ത് സെന്റർ അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ഇതിന് ഭരണാനുമതി നൽകിയത് ;

(സി) ഭരണാനുമതി നൽകിയപ്പോൾ എന്തെങ്കിലും വ്യവസ്ഥ ഉണ്ടായിരുന്നോ ;

(ഡി) കെട്ടിടം പണിയുന്നതിനുള്ള തുക അനുവദിച്ചത് ഏത് ഫണ്ടിൽ നിന്നാണ് ;

(ഇ) കെട്ടിടം പണിയുന്നതിന് ഒരേക്കർ സ്ഥലം വേണമെന്ന് വ്യവസ്ഥയുണ്ടായിരുന്നോ ;

(എഫ്) ആ വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ എന്നാണ് മാറ്റം വരുത്തിയത് ;

(എച്ച്) ഇപ്പോഴത്തെ വ്യവസ്ഥ എന്താണ് ;

(ഐ) ഈ സ്ഥാപനത്തിൽ ഏതെല്ലാം തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(ജെ) എന്നാണ് അനുവദിച്ചത് ;

(കെ) ഈ സ്ഥാപനത്തിന് ഇപ്പോൾ എന്തെങ്കിലും വികസന പദ്ധതികൾ ഉണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ?

ഉത്തരം

(എ,ബി,സി,ഡി,ഇ,എഫ്,ജി,എച്ച്,ഐ,ജെ&കെ) വിവരം ശേഖരിച്ചുവരുന്നു.

സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

91 (1194) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. സി. എൻ. ജയദേവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക സ്ഥാപനങ്ങളായ കേരളസാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി കേരള കലാമണ്ഡലം എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ ഈ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു കൊണ്ട് ഒരു സാംസ്ക്കാരിക കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കേരള കലാമണ്ഡലം ഒരു സർവ്വകലാശാലയായി ഉയർത്തുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലുമായി വാർഷികഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഇത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. സാഹിത്യഅക്കാഡമി സാഹിത്യകാരൻമാർക്കും അക്കാദമിയിൽ വന്ന് താമസിച്ച് സാഹിത്യസൃഷ്ടി നടത്തുന്നതിനായി അപ്പൻതമ്പുരാൻ സ്മാരകവളപ്പിൽ 'കൈരളിഗ്രാമം' എന്ന പേരിൽ ഒരു കെട്ടിടസമുച്ചയം നിർമ്മിച്ചിട്ടുണ്ട്. ഇത് കൂടാതെ അക്കാദമി ഗ്രന്ഥശേഖരം ജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി ലൈബ്രറിയിൽ കംപ്യൂട്ടർ-ഇന്റർനെറ്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സംഗീതനാടക അക്കാഡമിയുടെ ആഭിമുഖ്യത്തിലാണ് ഈ വർഷം പ്രൊഫഷണൽ നാടകമത്സരം, സ്വാതി സംഗീതോത്സവം, ദേശീയനാടകോത്സവം എന്നിവ സംഘടിപ്പിക്കുന്നത്. അക്കാഡമിയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തിയതിനാലാണിത്. കേരളകലാമണ്ഡലം കല്പിത സർവ്വകലാശാലയാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാവുന്നതോടു കൂടി കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുന്നതാണ്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കലാമണ്ഡലത്തിന് ഒരു കല്പിത സർവ്വകലാശാലയുടെ പദവി നൽകുന്നതിന് നയപരമായ തീരുമാനം സംസ്ഥാനസർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനു മാണ്.

സി-ഡിറ്റിന്റെ പ്രവർത്തനം

92 (1195) ശ്രീമതി എൻ. കെ. രാധ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) സി-ഡിറ്റ് ഏതെല്ലാം മേഖലകളിലെ ഗവേഷണവികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത് ;

(സി) സി-ഡിറ്റ് ഏതെല്ലാം പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട് ;

(ഡി) ജനകീയാസൂത്രണപ്രവർത്തനത്തിൽ സി-ഡിറ്റ് നൽകിയ സംഭാവനകൾ എന്തൊക്കെയാണ് ;

(ഇ) സി-ഡിറ്റ് ആരംഭിച്ച വീഡിയോ സീരിസുകൾ ഏതൊക്കെയാണ്; അതിന് എത്രമാത്രം പ്രചാരം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) 1998 ഡിസംബറിൽ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ വീഡിയോ പ്രൊഡക്ഷൻ മേഖലയിലും ഫിലിം/വീഡിയോ ഗവേഷണരംഗത്തും ഓരോ പ്രോജക്ടുകളാണ് സി-ഡിറ്റിന് ഉണ്ടായിരുന്നത്. ആധുനിക ബീറ്റാകാം വീഡിയോ

LIBRARY ARCHIVES Kerala Legislative Assembly